മാത്രം കാണുന്ന അപൂർവ്വ സസ്യങ്ങളാണ്. ടി അപൂർവ്വ സസ്യങ്ങളിൽ ബൈനേറിയ പെരിയാറെൻസിസ്, അരുണ്ടിനാ ബാംബു ഫിഫോളിയാ, എരിയാത്യാഗി, പെക്ടാലിസ് ജൈജാൻഷിയാ എന്നീ ഓർക്കിഡുകളും 10 ബാൾസം (ഇംപേഷ്യൻസ്) സ്പീഷിസുകളും ടോറേനിയ ട്രാവൻകോറിക്ക എന്ന ചെറുസസ്യവും ബെന്റിങ്കിയ കൊണ്ടപ്പന എന്ന കാട്ടുകവുങ്ങും ടൈപ്പാ ഗോൾ ബ്രോമോയിഡെഫ്, ടൈപ്പഗോൺ നാരായണി, ആർത്രാക്സോൺ ലാൻസിയോലേറ്റസ് എന്നീ പുല്ലുകളും പെടുന്നു.

(ഡി) വാഗമൺ മേഖലയിലെ വനം വകുപ്പിന്റെ കൈവശമുള്ള 480 ഹെക്ടർ പ്രദേശത്തുള്ള അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നതുമായ സസ്യങ്ങളെ വനം വകുപ്പ് സംരക്ഷിച്ചു വരുന്നുണ്ട്. ടി 480 ഹെക്ടറിൽ പെടാത്ത ഭൂമിയിൽ വനം വകുപ്പിന് അധികാരമില്ല.

വാസസ്ഥലത്തിന് ചുറ്റും ഒരു ഹെക്ടറിനുള്ളിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി

87 (3296) ശ്രീ. എ. കെ. മണി :
ശ്രീ. എം. എം. ഹസ്സൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
പ്രൊഫ. കെ. വി. തോമസ് :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വൃക്ഷസംരക്ഷണ നിയമപ്രകാരം ഒരു ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള വാസസ്ഥലത്തിനു ചുറ്റും നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിന് മുൻകൂർ അനുമതി ആവശ്യമാണോ; എങ്കിൽ എവിടെ നിന്നാണ് അനുമതി വാങ്ങേണ്ടത് ;

(ബി) 2003-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് (അമെന്റ്മെന്റ്) ആക്ട് പ്രാബല്യത്തിൽ വരുത്തിട്ടുണ്ടോ; എങ്കിൽ എന്നു മുതലെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ വാസസ്ഥലത്തിനു ചുറ്റും ഒരു ഹെക്ടറിനുള്ളിൽ നിൽക്കുന്ന ഈട്ടി, തേക്ക് തുടങ്ങിയ 10 ഇനം മരങ്ങൾ മുൻകൂർ അനുമതി ഇല്ലാതെ മുറിച്ചു മാറ്റുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ; എങ്കിൽ വിശദീകരിക്കുമോ ?

ഉത്തരം

(എ) 1986-ലെ കേരള വൃക്ഷസംരക്ഷണ ആക്ടിലെ സെക്ഷൻ 4 പ്രകാരം 10 ഇനം മരങ്ങൾ മുറിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ രേഖാമൂലമുള്ള മുൻകൂർ അനുവാദം വാങ്ങണമെന്ന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു ഹെക്ടറിനുള്ളിലുള്ള വീട്ടുവളപ്പിൽ നിന്നും ഈ 10 ഇനം മരങ്ങൾ മുറിക്കുന്നതിന് അനുമതി വാങ്ങേണ്ട ആവശ്യമില്ല. കൂടാതെ സ്വകാര്യഭൂമിയിലുള്ള പട്ടയത്തിലെ വ്യവസ്ഥകൾ പ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള എല്ലാത്തരം വൃക്ഷങ്ങൾ മുറിക്കുന്നതിനും സർക്കാരിന്റെ അനുമതി ആവശ്യമാണ്. പട്ടയം നൽകിയപ്പോൾ റിസർവ്വ് ചെയ്തു നിർത്തിയിട്ടുള്ള മരങ്ങളും വനം വകുപ്പിനെ ഏല്പിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2003-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് (അമെന്റ്മെന്റ്) ആക്ട് പ്രാബല്യത്തിൽ വന്നിട്ടില്ല.

(സി) കേരള വൃക്ഷ സംരക്ഷണ നിയമത്തിലെ വ്യവസ്ഥ പ്രകാരം ഒരു ഹെക്ടറിനുള്ളിലുള്ള വീട്ടുവളപ്പിൽ നിന്നും ഈട്ടി, തേക്ക് തുടങ്ങിയ 10 ഇനം മരങ്ങൾ മുറിക്കുന്നതിന് മുൻകൂർ അനുമതി വാങ്ങേണ്ട ആവശ്യമില്ല. സ്വകാര്യ ഭൂമിയിലുള്ള പട്ടയത്തിലെ വ്യവസ്ഥകൾ പ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള എല്ലാത്തരം വൃക്ഷങ്ങൾ മുറിക്കുന്നതിനും സർക്കാരിന്റെ അനുമതി ആവശ്യമാണ്. പട്ടയം നൽകിയപ്പോൾ റിസർവ് ചെയ്ത് നിർത്തിയിട്ടുള്ള മരങ്ങളും വനം വകുപ്പിനെ ഏൽപ്പിക്കേണ്ടതാണ്.

ദേശീയപാത ഹരിതവത്ക്കരണം

88 (T3297) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയപാത ഹരിതവത്ക്കരണം എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

സംസ്ഥാനത്തെ നാഷണൽ ഹൈവേകളുടെയും സ്റ്റേറ്റ് ഹൈവേകളുടെയും വശങ്ങൾ ഹരിതവൽക്കരണം നടത്തുന്നതിനായി "ഹരിതോത്സവം" പദ്ധതിപ്രകാരം 2002-03 വർഷത്തിൽ 816530 വൃക്ഷത്തൈകൾ സംസ്ഥാനത്താകെ 1472 കി.മീ. പാതയോരങ്ങളിലും 2003-04 വർഷത്തിൽ 26507 തൈകൾ 454.50 കി.മീ. പാതയോരങ്ങളിലും വച്ചുപിടിപ്പിച്ചിട്ടുണ്ട്.

നിത്യഹരിത വനങ്ങളുടെയും ശോഷിത വനങ്ങളുടെയും വിസ്തൃതി

89 (3298) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നിത്യഹരിത വനങ്ങളുടെയും ഡി ഗ്രേഡഡ് വനങ്ങളുടെയും വിസ്തൃതി 2000-ൽ എത്രയായിരുന്നുവെന്നും ഇപ്പോൾ എത്രയാണെന്നും വെളിപ്പെടുത്തുമോ :

(ബി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃതമായ കയ്യേറ്റങ്ങളുടെ പേരിൽ എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട് എന്ന് അറിയിക്കാമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly